# സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ

(ഹാജർ: അനുപമ T V, IAS)

തിരുവനന്തപുരം

ഉത്തരവ് നം . F3-31959/15 — തീയതി : 22/03/2017

=======================

വിഷയം :- സാമൂഹ്യനീതി വകുപ്പ് - വിധവാ പുനർവിവാഹ ധനസഹായം പദ്ധതി (മംഗല്യ) ഫണ്ട് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. സ.ഉ(സാധാ) നം 472/2008/സാക്ഷേവ തീയതി 12/11/2008

2. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ നൽകിയ അപേക്ഷ

വിധവകളായ സ്ത്രീകളുടെ പുനരധിവാസത്തിന് ധനസഹായം നൽകുന്ന മംഗല്യ പദ്ധതിയിൻ പ്രകാരം 2008-09 കാലഘട്ടം മുതൽ 2016-17 വർഷം വരെ ലഭ്യമായ അപേക്ഷകളിൻമേൽ നാളിതുവരെ ധനസഹായം ലഭ്യമാകാത്ത അർഹരായ അപേക്ഷകർക്ക് ധനസഹായം ലഭ്യമാക്കുന്നതിന് വിവിധ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ വിവരങ്ങൾ ലഭ്യമാക്കിയതിൻ പ്രകാരം സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ആകെ 471 ഗുണഭോക്താക്കൾ ധനസഹായത്തിന് അർഹതയുള്ളതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകളുടെ എണ്ണം വർഷം, ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജില്ല | 2008-09 | 2009-10 | 2010-11 | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | 2016-17 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 9 | 7 | 24 | 14 | 5 | 3 | 9 | 12 | 3 | 86 |
| 2 | കൊല്ലം | ← | | | | | | | | → | 33 |
| 3 | പത്തനംതിട്ട | - | - | 4 | 2 | 1 | 1 | 2 | 3 | 2 | 15 |
| 4 | കോട്ടയം | - | - | 15 | 4 | - | 6 | - | 1 | - | 26 |
| 5 | ഇടുക്കി | - | - | 3 | - | 1 | - | 1 | - | - | 5 |
| 6 | എറണാകുളം | - | 1 | 6 | - | 1 | 2 | - | - | 1 | 11 |
| 7 | തൃശ്ശൂർ | - | 15 | 13 | 5 | 7 | 11 | - | - | | 51 |
| 8 | പാലക്കാട് | - | - | 6 | 15 | 7 | 10 | 17 | 5 | 2 | 62 |
| 9 | മലപ്പുറം | - | - | 12 | 4 | 4 | 5 | - | - | - | 25 |
| 10 | കോഴിക്കോട് | - | - | 31 | 16 | 8 | 4 | 2 | | 1 | 62 |
| 11 | കണ്ണൂർ | - | 7 | 22 | 4 | 4 | 3 | 7 | 12 | 4 | 63 |
| 12 | കാസർഗോഡ് | - | 3 | 16 | 1 | 6 | 2 | 4 | - | - | 32 |
| | ആകെ | 9 | 33 | 152 | 65 | 44 | 47 | 42 | 33 | 13 | 471 |

Dh

വിധവ പുനർവിവാഹ ധനസഹായത്തിന് 2008-09 മുതൽ 2016-17 വരെ സംസ്ഥാനത്ത് ലഭ്യമായ അപേക്ഷകൾ പ്രകാരം 471 ഗുണഭോക്താക്കൾക്ക് 25,000/- രൂപ വീതം ആകെ Rs. 1,17,75,000/- (രൂപ ഒരു കോടി പതിനേഴ് ലക്ഷത്തി എഴുപത്തി അയ്യായിരം മാത്രം) ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അനുവദിച്ച് കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-103-92 പ്ലാൻ ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ പ്രകാരം അനുവദിക്കുന്ന തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പറിൽ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതാണ്. തുക യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭിക്കുന്നുണ്ടെന്ന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. ധനസഹായത്തിന് ലഭിച്ചിട്ടുള്ള അപേക്ഷകൾ സൂക്ഷിച്ച് വയ്ക്കേണ്ടതും പരിശോധനാവിധേയമാക്കേണ്ടതുമാണ്. തെറ്റായ രീതിയിൽ തുക നൽകുകയോ അപേക്ഷകൾ സൂക്ഷിക്കാതെ തുക അനുവദിയ്ക്കുകയോ ചെയ്താൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്വം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കായിരിക്കും. തുക അനുവദിച്ചതിനു ശേഷം ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് കൃത്യമായി അയച്ചുതരേണ്ടതാണ്.

ഒപ്പ്

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക്

പകർപ്പ്:

1. സൂപ്രണ്ട്, എ സെക്ഷൻ
2. ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
3. അസി.ഡയറക്ടർ/അഡീഷണൽ ഡയറക്ടർ
4. ഡയറക്ടറുടെ സി.എ
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Dh